# US PROFILES



## തോമസ് കൂവള്ളൂർ



# ജീവിതം ഒരു പോരാട്ടം: തോമസ് കൂവള്ളൂർ

**മീട്ടു റഹ്മത്ത് കലാം**

അ അനീതിക്കെതിരെ പോരാടുക എന്നത് ചിലർക്ക് ജീവിതവ്രതമായിരിക്കും. കളത്തിലിറങ്ങുമ്പോൾ ഒറ്റയ്ക്കാണോ എന്ന ഭീതി അക്കൂട്ടരെ തളർത്തില്ല. അവരിലെ ന്യായം തിരിച്ചറിഞ്ഞ് ലോകത്തിന്റെ ഏതുകോണിലായാലും ആളുകൾ അണിനിരക്കുകയും,ആ ഒറ്റയാൾ പോരാട്ടം ഒരു ജനകീയ പ്രസ്ഥാനമായി വളരുകയും ചെയ്യും. ഇറങ്ങിത്തിരിക്കുന്ന ദൗത്യങ്ങൾ പൂർത്തീകരിക്കാൻ ഏതറ്റം വരെ പോകാനും മടികാണിക്കാത്ത തോമസ് കൂവള്ളൂരിന് അമേരിക്കൻ മലയാളികൾക്കിടയിൽ ഒരു ആമുഖത്തിന്റെ ആവശ്യമില്ല. നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളിലൂടെ അദ്ദേഹം ഏവർക്കും സുപരിചിതനാണ്. സ്വതസിദ്ധമായ കഴിവുകൾക്കൊപ്പം യവ്വനകാലത്ത് നക്സൽ പ്രസ്ഥാനത്തിൽ പ്രവർത്തിച്ച് സ്വായത്തമാക്കിയ കൂവള്ളൂരിനുള്ളിലെ പോരാട്ടവീര്യവും, തെല്ലും കോട്ടം തട്ടാതെ ഈ എഴുപത്തിമൂന്നുകാരനിൽ കാണാം. യോഗാചാര്യൻ എന്ന നിലയിലും സാമൂഹിക പ്രവർത്തകനായും കയ്യൊപ്പ് ചാർത്തിയിട്ടുള്ള തോമസ് കൂവള്ളൂർ, ജീവിതമാകുന്ന ഉലയിൽ ഊതിക്കാച്ചിയെടുത്ത അനുഭവത്തിന്റെ പുസ്തകത്താളുകൾ ഇ-മലയാളി വായനക്കാർക്കുമുന്നിൽ തുറക്കുന്നു....

**ആദ്യകാലം മുതൽ ഒരു റിബൽ ആയിരുന്നല്ലോ? താങ്കളെ അത്തരത്തിൽ വാർത്തെടുത്തതിൽ ജീവിതസാഹചര്യങ്ങൾക്കുള്ള പങ്ക്?**

പിതാവ് കെ.റ്റി.ജോസഫ് കൂവള്ളൂർ (കൂവള്ളൂർ പാപ്പച്ചൻ) കിടങ്ങൂർ, ഇലക്കാട് എന്നീ പഞ്ചായത്തുകളിൽ അറിയപ്പെട്ടിരുന്നയാളാണ്. മുൻമന്ത്രി കെ.എം.മാണിയുടെ ക്ലാസ്മേറ്റായിരുന്നു. തന്റെ മക്കൾ മോശം കൂട്ടുകെട്ടിൽപ്പെട്ട് നശിക്കരുതെന്ന് ആ പിതാവ് ആഗ്രഹിച്ചിരുന്നു. അക്കാരണത്താൽത്തന്നെ, എട്ടുമക്കളിൽ മൂത്തവ





നായതുകൊണ്ട് എന്റെ മേലായിരുന്നു പ്രത്യേക കാർക്കശ്യം കാണിച്ചിരുന്നത്. സ്വാതന്ത്ര്യം നിഷേധിക്കപ്പെടുമ്പോഴാണല്ലോ അത് നേടിയെടുക്കാനുള്ള തീക്ഷ്ണത ഉണ്ടാകുന്നത്.

കടപ്ലാമറ്റം സെന്റ് ആന്റണീസ് സ്കൂളിൽ ഒൻപതാം ക്ലാസിൽ പഠിക്കുമ്പോൾ ഉണ്ടായ ഒരനുഭവം പറയാം. പിതാവിന് അധ്യാപകരുമായി അടുത്ത ബന്ധമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ, ഞാൻ എന്ത് കുരുത്തക്കേട് ചെയ്താലും പിതാവിന്റെ ചെവിയിൽ എത്തും. അയൽപക്കത്തുള്ള സഹപാഠി കടം ചോദിച്ചപ്പോൾ സ്കൂളിലെ ഫീസ് അടയ്ക്കാൻ ഏൽപ്പിച്ച പണം ഞാൻ അവന് കൊടുത്തു. പറഞ്ഞസമയത്ത് അത് തിരികെ നൽകാൻ അവന് സാധിച്ചില്ല. ഫീസ് അടച്ചിട്ടില്ലെന്ന് വീട്ടിൽ അറിഞ്ഞാൽ, കമുകിൽ കെട്ടിയിട്ട് പൊതിരെ തല്ലുമെന്ന് അറിയാവുന്നതുകൊണ്ട് നാടുവിടാൻ തീരുമാനമെടുത്തു.

പണം കടംവാങ്ങിയവനും തൊട്ടയൽവാസിയായ സുഹൃത്തും, അങ്ങനെ ഞങ്ങൾ മൂന്നുപേരുംകൂടി ആലോചിച്ച് നാടുവിട്ടു. വനത്തിൽപ്പോയി മഹർഷിമാരെപ്പോലെ തപസ്സുചെയ്യുക എന്നുള്ളതായിരുന്നു ആ കുഞ്ഞുമനസ്സിൽ ഉരുത്തിരിഞ്ഞ ആശയം. അതിനുവേണ്ടിയുള്ള പണം വീട്ടിൽ നിന്നു തന്നെ മോഷ്ടിച്ചു.
പിതാവ് കപ്പ വിറ്റ് പെട്ടിയിൽ



വച്ചിരുന്ന 50 രൂപയുമെടുത്ത് രാവിലെ സ്കൂളിൽ പോകുന്ന വഴിക്കായിരുന്നു ബാക്കി പ്ലാനിംഗ്. മൂന്നുപേരും പുസ്തകങ്ങൾ സ്കൂളിൽ തന്നെ വച്ച് ആർക്കും സംശയം തോന്നാത്തമട്ടിൽ കാൽനടയായി കിടങ്ങൂർ ടൗണിലെത്തി. അവിടെനിന്നും കോട്ടയത്തേക്കുള്ള ട്രാൻസ്പോർട്ട് ബസിൽ കയറി. കോട്ടയത്തിറങ്ങി, ഓരോ ജോഡി ചെരിപ്പ് വാങ്ങി. ചെരിപ്പിട്ട് ആദ്യമായി യാത്രചെയ്യുന്നതിന്റെ ഗമ വിടാതെ തിരുവനന്തപുരം ഫാസ്റ്റ് പാസഞ്ചറിൽ കയറി. തിരുവനന്തപുരത്തുനിന്ന് രാത്രി കന്യാകുമാരിയിലെത്തിയപ്പോഴേക്കും മൂന്നുപേരുടെയും കയ്യിലെ പണം തീർന്നു. കൊച്ചുപിള്ളേർ ഇങ്ങനെ അലഞ്ഞു നടക്കുന്നത് ആളുകൾ ശ്രദ്ധിക്കുന്നുണ്ടെന്നും മനസ്സിലായി.

ഇതിനിടയിൽ, പണം കടം വാങ്ങിയ കൂട്ടുകാരന്റെ തീരുമാനപ്രകാരം, അടുത്തുകണ്ട പോസ്റ്റ് ഓഫിസിൽ നിന്നും ഒരു ഇൻലൻഡ് വാങ്ങി അവന്റെ വീട്ടിലെ വിലാസത്തിൽ ഒരുകത്തെഴുതി. തങ്ങളുടെ പണം തീർന്നെന്നും തിരുവനന്തപുരം വഴി തിരികെ വീട്ടിലേക്ക് നടക്കുകയാണെന്നും തങ്ങളെ രക്ഷിക്കണമെന്നും പറഞ്ഞു.

അങ്ങനെ കന്യാകുമാരിയിൽ നിന്നും മെയിൻ റോഡിന്റെ ഓരം പറ്റിനടന്ന് 2 ദിവസംകൊണ്ട് തിരുവനന്തപുരത്തെത്തി. അവിടെ ഒരു പാർക്കിൽ ആ രാത്രി കിടന്നു




റങ്ങി. പിറ്റേദിവസം 3 പേരുടെയും ചെരുപ്പുകൾ മോഷ്ടിക്കപ്പെട്ടതായിക്കണ്ടു. പിന്നീടുള്ള യാത്ര ചെരുപ്പില്ലാതെയായിരുന്നു. ഒരാഴ്ചയോളം നടന്ന് പലവഴികൾ ചുറ്റിത്തിരിഞ്ഞ് കൊട്ടാരക്കര വഴി അടൂരെത്തി. യാത്രയിൽ വീടുകളിൽ കയറി കഞ്ഞിവെള്ളവും വഴിയരികിലുള്ള കശുമാവിന്റെ പഴങ്ങളും മാവിൽ നിന്ന് വീണുകിടന്ന കണ്ണിമാങ്ങകളും വാളൻപുളിയും തിന്ന് വിശപ്പടക്കി.




ഏറെക്കുറെ രണ്ടാഴ്ചയ്ക്കുശേഷം കത്തുകിട്ടിയതിന്റെ പശ്ചാത്തലത്തിൽ കൂട്ടുകാരന്റെ വൃദ്ധനായ പിതാവും ജ്യേഷ്ഠനും ഞങ്ങളെ അന്വേഷിച്ച് കോട്ടയത്തുനിന്ന് തിരുവനന്തപുരം ഫാസ്റ്റ് പാസ്സഞ്ചറിൽ പോകുന്ന വഴി അടൂർ വച്ച് ഞങ്ങളെ കണ്ടു- 2 മൈൽ അകലെ ബസ് നിർത്തിച്ച് ഇറങ്ങിനടന്ന് ഞങ്ങളെ കണ്ടുപിടിച്ച് കൂട്ടിക്കൊണ്ടുപോയി. മറ്റു രണ്ടു സുഹൃത്തുക്കൾക്കും തങ്ങളുടെ ഉറ്റവരെ കണ്ടപ്പോൾ ഉണ്ടായ ആനന്ദം പറഞ്ഞറിയിക്കാവുന്നതല്ല. എന്നെ പ്രതിനിധീകരിച്ച് ആരും എത്തിയില്ല. എല്ലാത്തിനും മൂകസാക്ഷിയായി ഞാൻ നിന്നു.

നഷ്ടപ്പെട്ട മകനെ തിരിച്ചുകിട്ടുന്ന ഒരു പിതാവിന്റെ സന്തോഷം നമുക്ക് ഊഹിക്കാൻ കഴിയും. കണ്ടപാടെ ഞങ്ങളെ 3 പേരെയും തൊട്ടടുത്ത ചായക്കടയിൽ കയറ്റി അദ്ദേഹം വയറുനിറയെ ആഹാരം വാങ്ങിത്തന്നു. ശരിക്കും ആഹാരം കഴിച്ചിട്ട് 5 ദിവസങ്ങൾ കഴിഞ്ഞതുകൊണ്ട് ഞങ്ങൾ മൂന്നുപേരുടെയും വയറുകൾ ഒട്ടിയിരുന്നു. യഥാർത്ഥ വിശപ്പ് അനുഭവിച്ചവർക്കേ ഭക്ഷണത്തിന്റെ രുചി അറിയാൻ കഴിയൂ. അന്നു കഴിച്ച ഭക്ഷണത്തിന്റെ രുചി എങ്ങനെ മറക്കാനാകും?

വല്യപ്പന്റെ ജാമ്യത്തിൽ വീട്ടിൽക്കയറിയ ഞാൻ, പിന്നീട് കുറേനാൾ മര്യാദക്കാരനായിരുന്നു.

**പിന്നീട് വിപ്ലവചിന്തയിലേക്ക് ചുവടുമാറാൻ കാരണം?**

പത്താം ക്ലാസ് നല്ല മാർക്കോടെ പാസായ സമയത്ത് പിതാവിന്റെ ആദർശങ്ങളും എന്റേതും തമ്മിൽ പൊരുത്തപ്പെടാതെ വന്നു. ഞാൻ കമ്മ്യൂണിസ്റ്റ് ചിന്തയിലേക്ക് തിരിഞ്ഞതും, ചെഗുവേരയുടെ ആത്മകഥ ഉൾപ്പെടെയുള്ള പുസ്തകങ്ങൾ വായിച്ചതും പിതാവിന് സഹിക്കാൻ കഴിഞ്ഞിരുന്നില്ല. ഒരുപക്ഷേ, ഞാൻ വഴിതെറ്റി പോകുമോ എന്ന് അദ്ദേഹം ഭയപ്പെട്ടിരുന്നിരിക്കാം.



ഇന്ത്യൻ സ്വാതന്ത്ര്യ സമരകാലത്ത് നല്ലൊരു ഗാന്ധിയനായി അറസ്റ്റ് വരിച്ച് ജയിലിൽകിടന്നിട്ടുള്ള പിതാവ്, മകൻ കമ്മ്യൂണിസ്റ്റാകുന്നത് എങ്ങനെ സഹിക്കും?

എന്റെ രീതികൾക്ക് കടിഞ്ഞാണിടണം എന്ന ചിന്തയിൽ, കോളജിൽ പോലും വിട്ടില്ല. വല്യപ്പന്റെ അനിയൻ പുരോഹിതനും സമ്പന്നനുമാനായിരുന്നു (ഫാ.ജോസഫ് കൂവള്ളൂർ). അദ്ദേഹമാണ് കോളജിൽ ചേരാനും പഠനം പൂർത്തിയാക്കാനും പണം നൽകിയത്. ഉഴവൂരുള്ള സെന്റ് സ്റ്റീഫൻസ് കോളജിലെ പ്രീഡിഗ്രി കാലത്ത് എസ്.എഫ്.ഐ പ്രവർത്തനങ്ങൾ തുടങ്ങി. പി.ടി.ചാക്കോയുമായി അടുത്ത ബന്ധമുള്ള കോൺഗ്രസ് അനുഭാവിയായ എന്റെ അപ്പൻ ഇതൊന്നും അറിഞ്ഞിരുന്നില്ല. കോളജിൽ നിന്ന് ടൂറിന് പോകുന്നുണ്ടെന്ന വ്യാജേനയാണ് എസ്.എഫ്.ഐ യുടെ അഖിലേന്ത്യാ സമ്മേളനത്തിൽ പങ്കെടുത്തത്. ഉയർന്ന മാർക്കുണ്ടായിരുന്നതുകൊണ്ട്, പാലാ സെന്റ് തോമസ് കോളജിൽ ബി.കോമിന് പ്രവേശനം ലഭിച്ചു. അക്കാലഘട്ടത്തിൽ മലബാർ മേഖലയിലെ സ്കൂളിൽ എന്റെയൊരു ബന്ധു പഠിപ്പിച്ചിരുന്നു. മലബാറിലേക്ക് പോകുന്നവർക്കൊക്കെയും നക്സലേറ്റുകളുമായി ബന്ധമുള്ള സമയമായിരുന്നു അത്.

താഴേക്കിടയിലുള്ള തൊഴിലാളികളുമായി വളരെയടുത്ത ബന്ധമുണ്ടായിരുന്നതുകൊണ്ട്, പാലാ മേഖലയിലെ നെക്സലേറ്റ് ഗ്രൂപ്പിന്റെ പ്രധാന ആളായി ഞാൻ മാറി. എനിക്ക് വേണ്ടി എന്തിനും തയ്യാറായി വലിയൊരുകൂട്ടം സാധാരണ





ക്കാർ അവിടെ അണിനിരന്നു. ലഘുലേഖകൾ കൈമാറിയിരുന്നത് മറ്റുപേരുകളിലാണ്. തൊഴിലാളികളാണ് ലഘുലേഖകൾ മുതലാളിമാരുടെ വീടുകളിൽ പതിപ്പിച്ചിരുന്നത്. അപ്പോഴേക്കും ചെഗുവേരയുടെ പുസ്തകങ്ങൾ വായിച്ച്, ഞാനൊരു തനി വിപ്ലവകാരിയായി മാറി.

ഇതിനിടയിൽ, കുടികിടപ്പുകാർക്ക് പത്തു സെന്റ് സ്ഥലം നൽകണമെന്ന് നിയമം വന്നു. പിതാവിന്റെ അടുത്ത ബന്ധുവിന്റെ പറമ്പിൽ കഴി



ഞ്ഞിരുന്ന കുടികിടപ്പുകാരനുവേണ്ടി ഞാൻ വാദിച്ചു. അപ്പന്റെ ചിലവിൽ വീട്ടിൽ കഴിഞ്ഞുകൊണ്ട് അത്തരത്തിൽ ശബ്ദമുയർത്താൻ അനുവദിക്കില്ലെന്ന് അദ്ദേഹം തീർത്തുപറഞ്ഞു. ബി.കോം പാസായി ഒരാഴ്ചയ്ക്കുള്ളിൽ വീടുവിട്ടിറങ്ങേണ്ടി വന്നു. ചെറുപ്പം മുതൽ ഡയറിക്കുറിപ്പെഴുതുന്ന ശീലമുണ്ട്. അങ്ങനൊരു പുസ്തകം മാത്രമെടുത്ത് ഇട്ടതുണിയോടെ പടിയിറങ്ങി.

എനിക്ക് വേണ്ടി ജീവത്യാഗം ചെയ്യാനും തയ്യാറായ പാവപ്പെട്ട തൊഴിലാളികൾ മാത്രമുള്ള കോളനിയിലായിരുന്നു രണ്ടാഴ്ചത്തെ താമസം. ഏതെങ്കിലും മുതലാളിമാരുടെ വീട്ടിൽ നിന്ന് അവർ പറിച്ചുകൊണ്ടുവന്നിരുന്ന കപ്പ പുഴുങ്ങിത് കാന്താരിമുളകും ഉപ്പുകല്ലും കൂട്ടി കഴിച്ചിരുന്നതും മൺചട്ടിയിൽ തണുത്ത കഞ്ഞിവെള്ളം കുടിച്ചിരുന്നതും ഇപ്പോഴും ഓർക്കുന്നു.

നക്സലിസത്തിൽ സജീവമായി ഏർപ്പെട്ടിരുന്ന ചങ്ങരംകുളംകാരൻ കെ.എം.കുഞ്ഞുമുഹമ്മദ് എന്ന ഉറ്റസുഹൃത്തിനൊപ്പവും കുറച്ചുകാലം കഴിച്ചുകൂട്ടി. നക്സൽ പ്രസ്ഥാനത്തിൽ ചേരാനുള്ള ഉൾപ്രേരണ ആ സൗഹൃദമായിരുന്നു. എന്നെപ്പോലെ തീക്ഷ്ണതയുള്ള കമ്മ്യൂണിസ്റ്റുകാർ വിരളമാണെന്ന് കുഞ്ഞുമുഹമ്മദ് എപ്പോഴും പറയുമായിരുന്നു. പൊന്നാനിയിലെ താലൂക്ക് ഓഫിസിൽ ക്ലർക്കായിരുന്ന അദ്ദേഹമാണ്, പാലായിൽ എനിക്കൊപ്പം വന്ന് എന്റെ സർട്ടിഫിക്കറ്റുകൾ വാങ്ങിത്തന്നത്.

ഇടക്കാലത്ത്, കോഴിക്കോട്ടെ ധനാഢ്യനായ തറപ്പേൽ ചാണ്ടിച്ചന്റെ വീട്ടിൽ സോമനാഥൻ എന്ന പേരിൽ ജോലിക്കാരനായും കഴിഞ്ഞു. കേരളത്തിലെ ഏറ്റവും നല്ല കർഷകനുള്ള അവാർഡ് നേടിയ അദ്ദേഹത്തോടൊപ്പം 3 മാസം പണിയെടുത്തതുകൊണ്ട് കൃഷിയുടെ ശാസ്ത്രീയരീതികൾ പഠിക്കാൻ കഴിഞ്ഞു. പണിക്കാരിൽ അധികവും ആദിവാസികളായ കുറിച്യരും പണിയരും ആയിരുന്നു.

**അടിയന്തരാവസ്ഥകാലത്തെ ഓർമ്മകൾ?**

രാജൻ കേസ് നടക്കുമ്പോൾ തൃശൂരായിരുന്നു എന്റെ താമസം. അടിയന്തരാവസ്ഥക്കാലത്ത് നോട്ടപ്പുള്ളിയുമായി നാട്ടിലെത്തിയപ്പോൾ എന്നെ രണ്ടുവണ്ടി പൊലീസുകാരാണ് എതിരേറ്റത്. അതും ക്രൈം ബ്രാഞ്ചുകാർ.എന്നോടൊപ്പം രണ്ടുസുഹൃത്തുക്കളെയും അറസ്റ്റ് ചെയ്ത്, കോട്ടയം ക്രൈം ബ്രാഞ്ച് ഡിവൈഎസ്പി യുടെ അടുക്കലെത്തിച്ചു. അധ്യാപകനായതുകൊണ്ട് സുഹൃത്തുക്കളിലൊരാളെ താക്കീത് നൽകി പറഞ്ഞുവിട്ടു.'ഉരുട്ട്' എന്ന പ്രക്രിയയ്ക്ക് വിധേയനായില്ലെന്ന് ചുരുക്കം. കുറേക്കാലത്തേക്ക് എന്റെ നീക്കങ്ങൾ പൊലീസ് നിരീക്ഷിച്ചുകൊണ്ടേയിരുന്നു. പിന്നീട് കുഴപ്പക്കാരനല്ലെന്ന് ബോധ്യപ്പെട്ട് സ്വതന്ത്രനാക്കി. ഒരിക്കൽ നക്സൽ എന്ന് മുദ്രകുത്തപ്പെട്ടാൽ, ആ വ്യക്തി സംശയത്തിന്റെ നിഴലിലായിരിക്കും. അത്തരം നോട്ടങ്ങൾ എത്രത്തോളം ദുസ്സഹമാണെന്ന് അനുഭവിച്ചവർക്കേ മനസ്സിലാകൂ.

**അപ്പനും മകനും ഇടയിൽ കിടന്ന് അമ്മ ബുദ്ധിമുട്ടിയിരുന്നോ? 91 വയസ്സിലും ആരോഗ്യത്തോടെ ഇരിക്കുന്ന അമ്മയെക്കുറിച്ച് മനസ്സിൽ തങ്ങിനിൽക്കുന്ന ഓർമ്മകൾ പങ്കുവയ്ക്കാമോ?**

അമ്മ മേരി കുളങ്ങര കുടുംബത്തിലാണ് ജനിച്ചത്. ലേബർ ഇന്ത്യ സ്കൂൾ സ്ഥാപിച്ച ജോർജ്ജ് കുളങ്ങര അമ്മയുടെ സഹോദരപുത്രനാണ്. ആ കുടുംബത്തിൽ ജനിച്ച എല്ലാവരുടെയും പേരും നാളും ജനനത്തീയതിയും വല്യപ്പച്ചൻ കുറിച്ചുവയ്ക്കുമായിരുന്നു. ആ പുസ്തകം ലോകസഞ്ചാരിയായി അറിയപ്പെടുന്ന സന്തോഷ് ജോർജ്ജ് കുളങ്ങരയുടെ (എന്റെ കസിന്റെ മകൻ) പക്കലുണ്ട്. അമ്മയും ഞാനും ജനിച്ചുവളർന്ന ഞങ്ങളുടെ കുടുംബവീട് സന്തോഷാണ് വിലയ്ക്കുവാങ്ങിയത്. ഇപ്പോൾ, വൈക്കത്തിനടുത്ത് ചെമ്പ് എന്ന സ്ഥലത്ത് റിസോർട്ട് പോലെ പ്രിസെർവ് ചെയ്തി



രിക്കുകയാണ്.

എന്നോട് പരുഷമായി പെരുമാറിയിരുന്നെങ്കിലും സ്നേഹനിധിയായ ഭർത്താവായിരുന്ന അദ്ദേഹം. അമ്മയെ 'എടീ ...' എന്നുപോലും വിളിച്ചിരുന്നില്ല.

തമിഴ്നാട്ടിൽ നിന്ന് ആളുകൾ കേരളത്തിലിറങ്ങി സ്ഥലം പിടിച്ചെടുക്കുന്നതിനെതിരെ മന്നത്ത് പത്മനാഭൻ ആഹ്വാനം ചെയ്തതനുസരിച്ച് ആളുകൾ ഹൈറേഞ്ച് പ്രദേശത്ത് കുടിയേറാൻ തുടങ്ങിയപ്പോൾ പി.ടി.ചാക്കോയെപ്പോലുള്ള ആദ്യകാല കോൺഗ്രസുകാരാണ് അതിന് നേതൃത്വം നൽകിയത്. ഞങ്ങളുടെ അയല്പക്കത്തുനിന്ന് തന്നെ 18 പേർ അത്തരത്തിൽ കുടിയേറാൻ പോയി. പിതാവ് ഹൈറേഞ്ചിൽ പോയതോടെ മക്കളുടെ കാര്യങ്ങളും വീട്ടിലെ ഉത്തരവാദിത്തങ്ങളും പൂർണമായും അമ്മ തന്നെയാണ് നോക്കിയിരുന്നത്. രാഷ്ട്രീയത്തിലെ തിരക്കുകളും ഉണ്ടായിരുന്നതുകൊണ്ട് അക്കാലത്തൊന്നും പിതാവിന് വീട്ടിൽ വരാൻ പോലും പലപ്പോഴും സമയം കിട്ടിയിരുന്നില്ല.



നെല്ലും കാച്ചിലും ചേമ്പും ഇഞ്ചിയും കപ്പയുമടക്കം എല്ലാ കാർഷികവിളകളും ഞങ്ങളുടെ പറമ്പിൽ സുലഭമായിരുന്നു. പറമ്പിലെ പ്ലാവിൽ എപ്പോഴും നിറയെ ചക്ക കാണും. ഉപ്പും പഞ്ചസാരയും മണ്ണെണ്ണയുമൊഴികെ ഒന്നുംതന്നെ പുറത്തുനിന്ന് വാങ്ങേണ്ടിയിരുന്നില്ല. സ്വയംപര്യാപ്തതയെക്കുറിച്ചുള്ള പാഠപുസ്തകം എന്ന് അമ്മയെ വിശേഷിപ്പിക്കാം.

കപ്പ വെട്ടിയുണക്കി തലച്ചുമടായി ചന്തയിൽ കൊണ്ടുപോകുമ്പോൾ അമ്മയ്ക്ക് കൂട്ടായി പോയിരുന്നതൊക്കെ ഇപ്പോഴും ഓർമ്മയുണ്ട്. ഇത്രയധികം അധ്വാനിക്കുന്ന സ്ത്രീ എന്ന നിലയിൽ അന്നേ അമ്മയോട് വലിയ ബഹുമാനം തോന്നിയിരുന്നു.

പിതാവുമായി അഭിപ്രായവ്യത്യാസങ്ങൾ ഉള്ളപ്പോഴും, വീട്ടിൽ ചെന്നാൽ അമ്മ ഭക്ഷണം വിളമ്പിത്തരുമെന്ന ധൈര്യം എപ്പോഴും ഉണ്ടായിരുന്നു. മോശം കൂട്ടുകെട്ടാണ് എന്നെ പ്രശ്നത്തിലാക്കുന്നതെന്ന് പറഞ്ഞ് പാവം അമ്മ എനിക്ക് വേണ്ടി വാദിക്കുമായിരുന്നു.

വീടുവിട്ട് ഒളിച്ചോടിയപ്പോൾ, ഞാൻ തിരിച്ചു വരണമെന്നും പ്രാർത്ഥിച്ച് അമ്മ ഒരുപാട് നേർച്ച കാഴ്ചകൾ നടത്തിയിരുന്നു.

**വിവാഹം താങ്കളുടെ ചിന്തകളെ മാറ്റിയോ?**

സ്ത്രീധനം വാങ്ങാതെ ഒരു സാധാരണകുടുംബത്തിൽ നിന്നുള്ള പെണ്ണിന് ജീവിതം കൊടുക്കണം എന്നതുമാത്രമായിരുന്നു എന്റെ ഡിമാൻഡ്. നെക്സലിസമൊക്കെ ഉപേക്ഷിച്ച് വീട്ടിൽ തിരികെ എത്തിയ ശേഷം പിതാവ് തന്നെ മുൻകൈ എടുത്താണ് ഡൽഹിയിൽ നഴ്സായിരുന്ന സിസിലിയുമായുള്ള എന്റെ വിവാഹം നടത്തിയത്. അപ്പോഴേക്കും കുടുംബവുമായി രമ്യതയിലായിക്കഴിഞ്ഞിരുന്നു.

കല്യാണവസ്ത്രമെടുക്കാൻ പോകുന്ന വഴിക്ക് പിതാവിന്റെ വാഹനം അപകടത്തിൽപ്പെട്ടപ്പോൾ അത് അപശകുനമാണെന്ന് ചിലർ പറഞ്ഞെങ്കിലും ഞങ്ങൾ പിന്മാറിയില്ല. സമാധാനപരമായാണ് ജീവിതം



OFFICE OF THE MAYOR
MIKE SPANO

July 31, 2022

Trustee Board Chairman Thomas J. Koovalloor
Indian American Malayalee Community of Yonkers, Inc.
33 Cheshire Lane
Yonkers, New York 10705

Dear Trustee Board Chairman Thomas J. Koovalloor and Members of the Indian American Malayalee Community of Yonkers:

Thank you for inviting me to join you today at Ms. Gayathri Nair's Dance Graduation Ceremony. I sincerely regret that I cannot attend as I have a prior commitment, but I extend my best wishes and good luck with your performance.

Gayathri Nair exemplifies the ultimate meaning of a true achiever. After 12 years of dedication and hard work, Gayathri has made it to the big stage, where I know she'll make her family, the Indian American Malayalee Community, and the City of Yonkers proud. As a father of three, all in the collegiate stage of life, I know how much her accomplishments mean to many.

Gayathri is an outgoing, powerful, and inspirational young woman. Academically, attending one of the most prestigious colleges in New York State, her commitment and achievement further exemplifies her ability to succeed at anything she sets her mind to. Her involvement in dance shows her artistic creativity and intellectual capacity.

Once again, on behalf of myself and the City of Yonkers, I wish Gayathri the best of luck on today's performance.

Best Wishes,

MIKE SPANO
Mayor

CITY HALL · 40 SOUTH BROADWAY · YONKERS, NY 10701 · TEL. 914.377.6300 / FAX 914.377.6048 · EMAIL: MIKE.SPANO@YONKERSNY.GOV
WWW.YONKERSNY.GOV

മുന്നോട്ട് പോയിരുന്നത്. ഭാര്യ കുവൈറ്റിൽ നഴ്സായ സമയം, എം ഒ ദേവസ്യ ആൻഡ് കമ്പനിയിൽ മാനേജരായി ഞാൻ നാട്ടിലായിരുന്നു. എഴുപതുകളിൽ വിരലിലെണ്ണാവുന്ന കോടീശ്വരന്മാരേ കേരളത്തിൽ ഉണ്ടായിരുന്നുള്ളു. അതിലൊരാളായിരുന്ന അദ്ദേഹത്തിന്റെ നിയന്ത്രണത്തിലായിരുന്നു കൊച്ചിയിലെയും ആലപ്പുഴയിലെയും കുരുമുളക് വ്യവസായം. അക്കാലഘട്ടത്തിലാണ് വക്കീലന്മാരുമായി അടുത്ത് ബന്ധപ്പെടുന്നതും നിയമവശങ്ങൾ മനസ്സിലാക്കുന്നതും, ബിസിനസ് മാനേജ്മെന്റിലും അക്കൗണ്ടിങ്ങിലും പ്രാവീണ്യം നേടുന്നതും.

പിന്നീട്, തങ്കം ഫിലിപ്പിന്റെ ബോംബെ ദാദറിലുള്ള കാറ്ററിംഗ് കോളജിൽ നിന്ന് ഹോട്ടൽ മാനേജ്മെന്റിൽ 'റെസ്റ്റോറന്റ് ആൻഡ് കൗണ്ടർ സർവീസസ് ' കോഴ്സ് പൂർത്തിയാക്കി. അരോഗദൃഢഗാത്രന്മാരായ മറാഠികൾക്കും ഗുജറാത്തികൾക്കും ഗോവക്കാർക്കുമിടയിൽനിന്ന് ആ കോളജിലെ നേതൃസ്ഥാനത്തേക്ക് വരാൻ എന്നെക്കൊണ്ട് സാധിച്ചു. താജ് ഹോട്ടലിലും സെന്റൂർ ഹോട്ടലിലും പ്രവർത്തിച്ചിട്ടുണ്ട്. കസ്റ്റമേഴ്സിന്റെ മനസ്സ് മനസ്സിലാക്കാൻ എനിക്ക് പ്രത്യേക കഴിവുണ്ട്. പതിനായിരത്തോളം പേർ പങ്കെടുക്കുന്ന വലിയ പാർട്ടികൾ നടക്കുമ്പോൾ, ലീഡർ എന്ന നിലയിൽ ഓരോരുത്തർക്കും എന്താണ് വേണ്ടതെന്ന് കൃത്യമായി മനസ്സിലാക്കുമായിരുന്നു. ഹെഡ്വെയ്റ്റർ ആയ ശേഷമാണ് മാനേജർ തസ്തികയിലേക്കുള്ള മാറ്റം.

കേരളത്തിലേക്കുള്ള തിരിച്ചുവരവിൽ ചില ഉന്നതരുടെ കീഴിൽ പ്രവർത്തിച്ചപ്പോഴാണ്, എന്റെ സേവനം അവർ അർഹിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടത്. എത്ര ലാഭം നമ്മൾ മൂലം ഉണ്ടായാലും അത് അംഗീകരിക്കാനോ അനുസൃതമായ വേതനം നൽകാനോ മലയാളികൾക്ക് മടിയാണ്. നമ്മുടെ കഴിവുപയോഗിച്ച് അവർക്ക് വളരണമെന്ന ഒറ്റ ചിന്തയേയുള്ളു. അതോടെ താഴേക്കിടയിലുള്ളവർക്കാണ് എന്റെ പ്രവർത്തനങ്ങൾ കൂടുതൽ ആവശ്യമെന്ന് ഏറെവൈകാതെ തിരിച്ചറിഞ്ഞു.

വയോജനവിദ്യാഭ്യാസത്തിലൂടെ മലപ്പുറം ജില്ലയിലെ വെറ്റിലപ്പാറ ഗ്രാമത്തിലെ ഇന്ന് അംബേദ്കർ കോളനിയെന്നറിയപ്പെടുന്ന ആദിവാസി




കോളനിയിലേക്ക് ഒരു നിയോഗം പോലെ ഞാൻ എത്തിച്ചേരുകയായിരുന്നു. തീണ്ടലും തൊടീലുമുള്ള മൂത്തൻ (മുതുവ) വിഭാഗക്കാരെ സമൂഹത്തിലേക്ക് ഇറക്കാൻ സാധിച്ചത് ജീവിതത്തിലെ തന്നെ വലിയ നേട്ടമായി കരുതുന്നു. അവിടെ ആദിവാസിമേഖലയിൽ കോൺഗ്രസ്സുകാർ കട്ടുമുടിച്ചിട്ട ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഞാൻ ലാഭകരമാക്കി മാറ്റി. 1987 ൽ ക്ഷീരോത്പാദക സഹകരണസംഘം സെക്രട്ടറിയായിരുന്നു. ഒന്നുമല്ലാതെ കിടക്കുന്ന കമ്പനി പോലും ലാഭകരമാക്കാമെന്നതിനെക്കുറിച്ച് തിസീസ് എഴുതിയ ആളാണ് ഞാൻ. ആദിവാസികളെ അണിനിരത്തിക്കൊണ്ട് മലപ്പുറത്ത് കാൽനട ജാഥ സംഘടിപ്പിച്ചതും വിജയമായി. അതിന്റെ ഫലമായി അവർക്ക് ബാങ്ക് അക്കൗണ്ടുകൾ തുടങ്ങാൻ സാധിച്ചു.

ഇതിനിടയിൽ ഭാര്യ അമേരിക്കയ്ക്ക് പോയി. രണ്ടുപേരും രണ്ടിടത്തായി കഴിയുന്നത് കുടുംബ





ജീവിതത്തിന് നല്ലതല്ലെന്ന് മനസ്സിലാക്കിക്കൊണ്ട് ഞാനും പോകാൻ തയ്യാറെടുത്തു. എന്റെ പേരിൽ കേസുണ്ടായിരുന്നതുകൊണ്ട് പൊലീസ് വെരിഫിക്കേഷന് തടസ്സമുണ്ടായി. മലപ്പുറത്തെ ഒരു മന്ത്രിയുടെ ശുപാർശക്കത്തുമായി സഖാവ് എന്ന പരിഗണന വച്ച് മുൻ മുഖ്യമന്ത്രി  ഇ.കെ.നായനാരെ പോയിക്കണ്ടാണ് പി.സി.സി എന്ന കടമ്പ കടന്നത്.

**നായനാരുടെ കാലത്തെ കമ്മ്യൂണിസവും നിലവിലെത്തും താരതമ്യപ്പെടുത്തുമ്പോൾ എന്തു തോന്നുന്നു?**

രണ്ടും രണ്ടാണ്. ഇന്നത്തെ കമ്മ്യൂണിസ്റ്റുകാർ മുതലാളിമാരാണ്, ലോകത്തിലെ ഏറ്റവും വലിയ ബൂർഷ്വകൾ എന്നുതന്നെ പറയാം. സഖാവ് എന്ന വാക്കിന്റെ അർത്ഥം പോലും മാറി, ഹീനന്മാരായ പലരും സ്വയം അപ്രകാരം പരിചയപ്പെടുത്തുന്നതുകാണുമ്പോൾ യഥാർത്ഥ കമ്മ്യൂണിസ്റ്റുകാർക്ക് സഹിക്കില്ല. തലേക്കെട്ടും കെട്ടി നടന്ന കൊച്ചുസഖാക്കൾപോലും ഒരു സുപ്രഭാതത്തിൽ കോടീശ്വരന്മാരായത് എങ്ങനെയാണ്? സേവനത്തിന് പകരം ഡേർട്ടി പൊളിറ്റിക്സാണ് ഇന്ന് കണ്ടുവരുന്നത്.

**അമേരിക്കൻ കുടിയേറ്റവും കുടുംബ ജീവിതവും?**

മുപ്പത്തിയൊമ്പതാം വയസ്സിലാണ് അമേരിക്കയിലെത്തുന്നത്. അന്ന് മകൾ ജനിച്ചിരുന്നു. മകൻ ഇവിടെ വന്ന ശേഷമാണ് ജനിച്ചത്. ആദ്യം നഴ്സിംഗ് ഹോമിന്റെ ഓഫീസ് മാനേജരായിട്ടായിരുന്നു ജോലി ലഭിച്ചത്. ഇറാഖ് യുദ്ധം വന്നതോടെ, ആ ജോലി രജിസ്റ്റേർഡ് നഴ്സുമാർക്കേ നൽകാവൂ എന്ന് നിയമം വന്നു. രണ്ടുമക്കളുടെയും  വിദ്യാഭ്യാസത്തിനും മറ്റുകാര്യങ്ങൾക്കും ഒരു വിട്ടുവീഴ്ചയും വരുത്തിയിട്ടില്ല. ഭാര്യ സിസിലി മനഃശാസ്ത്രത്തിൽ സ്പെഷലൈസ് ചെയ്ത രജിസ്റ്റേർഡ് നഴ്സായിരുന്നു. ന്യൂയോർക്കിലെ ഹോസ്പിറ്റലിൽ 26 വർഷം ജോലി ചെയ്ത ശേഷമാണ് വിരമിച്ചത്. ഇപ്പോൾ മാനസിക രോഗികളെ യോഗ പരിശീലിപ്പിക്കുന്നുണ്ട്.

**മക്കൾ എന്ത് ചെയ്യുന്നു?**

മകൾ അഞ്ജലി മാത്യു ഒരു ലൈസൻസ്ഡ് സോഷ്യൽ വർക്കർ (LMSW) ആയിരുന്നു. പിന്നീട്, ന്യൂയോർക്ക് പ്രസ്ബിറ്റീരിയൻ ഹോസ്പിറ്റലിൽ രജിസ്റ്റർഡ് നഴ്സായി, ഇപ്പോൾ കാലിഫോർണിയയിലേക്ക് മാറി. ഭർത്താവ് മാത്യു സി. എബ്രഹാം കാലിഫോർണിയയിൽ ഫെഡെക്സിലാണ്  ജോലി ചെയ്യുന്നത്. അവരുടെ മകൻ ജോഷ്വയ്ക്ക് 6 വയസ്സ്.

എന്റെ മകൻ ജോസഫ് കൂവള്ളൂർ പല മേഖലകളിൽ കഴിവ് തെളിയിച്ചിട്ടുണ്ട്. ഫിലാഡൽഫിയയിലെ ഡ്രെക്സൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം നേടിയ ശേഷം ഇന്റർനാഷണൽ ബിസിനസ്സിലും അക്കൗണ്ടിംഗിലും സ്പെഷ്യലൈസ് ചെയ്തു. തുടർന്ന് 4 വർഷം ഒരു കമ്പനിയിൽ സ്റ്റാഫ് അക്കൗണ്ടന്റായി, പിന്നീട് ആ ജോലി രാജിവച്ച് ഒരു ജാപ്പനീസ് റെസ്റ്റോറന്റിൽ ഷെഫ് ആയി. അതിനുശേഷം, ബയോ ഡൈനാമിക് ഓർഗാനിക് ഫാമിംഗ് പഠിക്കാൻ ജപ്പാനിലേക്ക് പോയി. യു എസ്, ജർമ്മനി, സ്വിറ്റ്സർലൻഡ് എന്നിവിടങ്ങളിൽ വിവിധ ഓർഗാനിക് ഫാമുകളിൽ ജോലി ചെയ്തു, യോഗയും കളരിപ്പയറ്റും അഭ്യസിക്കുകയും യുനെസ്കോയുടെ പ്രത്യേക കോഴ്സുകളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ആയുർവേദ ഡോക്ടറാകാനുള്ള ശ്രമത്തിലാണ്.

**ക്ഷുഭിത യൗവനം പിന്നിട്ട്, അനീതികണ്ടാൽ ചോദ്യംചെയ്യാനുള്ള ആർജ്ജവത്തോടെ ഈ**




**എഴുപത്തിമൂന്നാം വയസ്സിലും നിലനിൽക്കെ തന്നെ താങ്കളൊരു യോഗാചാര്യനായും പേരെടുത്തല്ലോ. വികാര വിചാരങ്ങളെ നിയന്ത്രിക്കുന്ന യോഗയിലേക്ക് എങ്ങനെ ആകൃഷ്ടനായി? ഇത് രണ്ടുധ്രുവങ്ങളല്ലേ?**

വളരെ നല്ല ചോദ്യമാണ്. യോഗ അഭ്യസിക്കുന്നവർക്ക് പൊതുവെ ദേഷ്യം വരില്ലെന്നാണ് കരുതപ്പെടുന്നത്. അനാവശ്യമായി ക്ഷുഭിതനാകുന്ന വ്യക്തിയല്ല ഞാൻ. അനീതികണ്ടാൽ പ്രതികരിക്കുമെന്ന് മാത്രം. യോഗയിലൂടെ ഞാൻ സ്വായത്തമാക്കിയത് എന്തിനെയും നേരിടാനുള്ള ധൈര്യമാണ്. വീരപ്പൻ കൊടികുത്തി വാണിരുന്ന മൈസൂർ വനങ്ങളിലൂടെ ഞാൻ ഒറ്റയ്ക്ക് സഞ്ചരിച്ചിട്ടുണ്ട്. ഏത് പ്രശ്നത്തിലും, എത്ര ഉന്നതനായ എതിരാളിയെയും മേലാളനെയും കണ്ട് കാര്യങ്ങൾ ധരിപ്പിക്കാൻ എനിക്ക് ഭയമില്ല. ക്രോധം നിയന്ത്രിക്കുന്ന കാര്യം പറയുമ്പോൾ, കൊടുംതപസ്സിനിടയിൽ ശപിച്ചിട്ടുള്ള മുനിമാരെക്കുറിച്ചു കൂടി പറയണം. വികാരങ്ങളെ തപസ്സുകൊണ്ട് നിയന്ത്രിക്കാമെങ്കിലും, തെറ്റുകാണുമ്പോൾ അവരും പൊട്ടിത്തെറിക്കുമായിരുന്നില്ലേ? ആളുകളെ നിയന്ത്രിക്കാനുള്ള പാടവവും യോഗയിലൂടെ നേടിയെടുത്തതാണ്. നമ്മൾ ഒരു കാര്യം ഏൽപ്പിച്ചാൽ, അത് കൃത്യമായി ചെയ്യുന്ന ഒരുകൂട്ടർ എക്കാലത്തും ചുറ്റും ഉണ്ടാകാറുണ്ട്.

**നിരവധിപേരുടെ രക്ഷകനായിട്ടുണ്ടല്ലോ, ചാരിതാർഥ്യം തോന്നിയ അനുഭവങ്ങൾ പങ്കുവയ്ക്കാമോ?**

കെ.ജെ.യേശുദാസിന്റെ ഭാര്യാസഹോദരീപുത്രൻ ആനന്ദ് ജോൺ അലക്സാണ്ടറിനെ ജയിലിൽ നിന്ന് പുറത്തിറക്കാൻ ഇടപെട്ടതാണ് ഒരു സംഭവം. അയാളെ എനിക്ക് മുൻപരിചയമൊന്നും ഉണ്ടായിരുന്നില്ല. റൈക്കേഴ്സ് ഐലൻഡ് എന്നു പറയുന്ന കൊടുംകുറ്റവാളികളെ പാർപ്പിക്കുന്ന ജയിലിലേക്ക്,

സൂക്ഷ്മമായി പരിശോധിച്ചശേഷമാണ് സെക്യൂരിറ്റി പ്രവേശനം അനുവദിച്ചത്. ഞാൻ ചെന്നു കാണുമ്പോൾ, സിംഹക്കൂട്ടിലെ പോലെ കാലിനും കൈയ്ക്കും ചങ്ങലയിട്ടായിരുന്നു അയാളെ കിടത്തിയിരുന്നത്. തന്നെ ട്രാപ്പിലാക്കിയതാണെന്നും രക്ഷപ്പെടുത്തണമെന്നും അയാൾ എന്നോട് അപേക്ഷിച്ചു. ആളുകളെ അണിചേർത്ത് 'ഫ്രീ ആനന്ദ് ജോൺ' എന്നൊരു മൂവ്മെന്റിന് ഞാൻ തുടക്കം കുറിച്ചത് അതിനെത്തുടർന്നാണ്. 'പബ്ലിക് ഈസ് പവർ' എന്നുള്ളതാണ് എന്റെ എക്കാലത്തെയും ഏറ്റവും വലിയ ആയുധം. ആനന്ദ് ജോണിന് വേണ്ടി കോടതിയിൽ ഒരു അറ്റോർണിയെ ഏർപ്പെടുത്താനുള്ള പണവും സംഘടിപ്പിച്ചു. ന്യൂയോർക്ക്, ടെക്സസ്, കാലിഫോർണിയ, ഫ്ലോറിഡ എന്നിങ്ങനെ നാല് സംസ്ഥാനങ്ങളിൽ 22 സ്ത്രീകൾ അയാൾക്കെതിരെ പരാതി കൊടുത്തിരുന്നു. പതുങ്ങിയിരുന്ന് പെണ്ണുങ്ങളെ പിടികൂടുന്നവൻ എന്ന അർത്ഥത്തിൽ 'സെക്ഷ്വൽ പ്രീഡേറ്റർ' എന്നാണ് കേസിലെ വിശേഷണം. ആരോപണം ഉന്നയിച്ചവർ ആരും നേരിട്ട് ഹാ

ജരാകാതെ മടയിൽകയറി ഒളിച്ചതോടെ, അയാളുടെ ഭാഗത്തു ന്യായമുണ്ടെന്ന് കോടതിക്ക് ബോധ്യപ്പെട്ടു.ജനപ്രക്ഷോഭത്തിലൂടെ ആനന്ദ് ജോണിന്റെ പേരിൽ ന്യൂയോർക്കിലുണ്ടായിരുന്ന മുഴുവൻ കേസുകളും 2013 മാർച്ച് മാസത്തിൽ ക്ലോസ് ചെയ്തു.

അതേവർഷം ഏപ്രിൽ 14 ന് ഹഡ്സൺ - റിവർ ബോട്ടപകടമുണ്ടായി. അതിന്റെ പേരിൽ ബോട്ട് ഡ്രൈവറായ മലയാളിപ്പയ്യനെ അറസ്റ്റുചെയ്ത് കാലിനും കൈയ്ക്കും ചങ്ങലയിട്ട് ഒരു മലയാളിയെ ജയിലിലിട്ടിരിക്കുന്നതായി ജോസഫ് മാത്യു എന്ന എഴുത്തുകാരനായ സുഹൃത്താണ് വിളിച്ചുപറഞ്ഞത്. പയ്യന്റെ വീടിന് ചുറ്റും ഇംഗ്ലീഷ് മാധ്യമങ്ങൾ വളഞ്ഞതോടെ കുടുംബം മാറിത്താമസിക്കുകയായിരുന്നു. അവന്റെ സഹോദരി അമേരിക്കൻ അറ്റോർണിയാണ്. അവർക്ക് പോലും എന്തുചെയ്യണമെന്ന ധാരണയുണ്ടായിരുന്നില്ല. ടാപ്പൻ സീ ബ്രിഡ്ജിന്റെ പണിനടക്കുന്ന സമയത്തായിരുന്നു അപകടം. പാലത്തിന്റെ നിർമ്മാണസാമഗ്രികൾ എഞ്ചിനീയർമാർ പത്തേമാരിയിൽ നിരത്തിയിട്ടിരിക്കുകയായിരുന്നു. ബോട്ട് ചെന്ന് പത്തേമാരിയിൽ ഇടിച്ചാണ് അപകടമുണ്ടായത്. ബോട്ട് തകരുകയും രണ്ടു വെള്ളക്കാർ മരണപ്പെടുകയും ചെയ്തു. പാലം നിർമ്മാണം നടത്തുന്നവരുടെ അശ്രദ്ധയാണ് അപകടം ഉണ്ടാകാൻ കാരണമെന്ന ഒരു ലൂപ്പ് പോയിന്റ് എന്റെ മനസ്സിൽ തെളിഞ്ഞു. അങ്ങനെയാണെങ്കിൽ, ഗവണ്മെന്റും ഉന്നത കോൺട്രാക്ടർമാരും പ്രതിസ്ഥാനത്താകും. അവരെ ചോദ്യം ചെയ്യാൻ ഫൊക്കാനയ്ക്കോ ഫോമായ്ക്കോ ഒന്നും ധൈര്യമില്ല. ആ ചങ്കൂറ്റം പണംകൊണ്ട് നേടാവുന്നതല്ലല്ലോ. അറസ്റ്റിലായ പയ്യനെ നേരിൽപോയി കാണാൻ ഞാൻ തീരുമാനിച്ചു. 'ജസ്റ്റിസ് ഫോർ ഓൾ' എന്ന പ്രസ്ഥാനത്തിന്റെ ചെയർമാൻ എന്ന് പരിചയപ്പെടുത്തിക്കൊണ്ട്, ഷെറീഫിന്റെ (പൊലീസിലെ ഉന്നതൻ) അനുമതിയും വാങ്ങി.പിന്നീട്, 'ജസ്റ്റിസ് ഫോർ ഓളിന്റെ' ബാനർ പിടിച്ച് എന്റെ നേതൃത്വത്തിൽ ഡിസ്ട്രിക്റ്റ് അറ്റോർണിക്കെതിരെ പ്രതിഷേധ റാലി സംഘടിപ്പിച്ചു. ഒരാളെ ശിക്ഷിക്കുകയോ രക്ഷിക്കുകയോ ചെയ്യുക എന്ന ഉത്തരവാദിത്തം ജനങ്ങൾ ഇലക്ട് ചെയ്യുന്ന ഡിസ്ട്രിക്റ്റ് അറ്റോർണിക്കാണ്. ജനം എതിർത്താൽ, അടുത്ത വർഷം ആ വ്യക്തിയുടെ സ്ഥാനം തെറിക്കും. അദ്ദേഹം വിചാരിച്ചാൽ കേസ് വലുതാക്കാനും ചെറുതാക്കാനും സാധിക്കും. ജനകീയ പ്രക്ഷോഭം കണ്ടതോടെ, സാമൂഹികപ്രമുഖർ രംഗത്തുവന്നു. അതോടെ, ഡിസ്ട്രിക്റ്റ് അറ്റോർണി ഒത്തുതീർപ്പിന് ക്ഷണിച്ചു. ജലഗതാഗതത്തിന് തടസ്സം ഉണ്ടാകാതെ നോക്കുക എന്നത് കോൺട്രാക്ടർമാരുടെയും ഗവൺമെന്റിന്റെയും ചുമതലയാണെന്ന് സമർത്ഥിക്കാൻ എനിക്ക് കഴിഞ്ഞു. ഗവണ്മെന്റ് മുട്ടുമടക്കി. അങ്ങനെ, അൻപത് വർഷം ജയിൽശിക്ഷ അനുഭവിക്കേണ്ടിയിരുന്ന ആ പയ്യൻ ഒന്നരവർഷമായപ്പോൾ പുറത്തിറങ്ങി. ഇപ്പോൾ, വിവാഹം കഴിഞ്ഞ് സുഖമായി കഴിയുന്നു.






U.S. Department of Justice

United States Attorney
Southern District of New York

The Silvio J. Mollo Building
One Saint Andrew's Plaza
New York, New York 10007

March 1, 2001

Mr. Thomas J. Koovalloor
33 Cheshire Lane
Yonkers, New York 10710

Dear Mr. Koovalloor:

I wish to extend my personal thanks to you for your service on the January 25, 1999 Additional Grand Jury over the past twenty-four months.

At the time that you were impaneled as a Grand Juror, Magistrate Judge Barrington D. Parker, Jr. indicated that the Grand Jury has performed a critical role in the administration of justice from the beginning of our country. This great American institution survives today only because of the unselfish efforts of you and your fellow Grand Jurors, citizens who dedicate their time and efforts to the cause of justice.

I trust that, in addition to having performed this important civic responsibility, you have enjoyed your service on the Grand Jury and have gained an insight into the inner workings of the criminal justice system.

Again, on behalf of myself and the public that you have served, thank you for your service as a Grand Juror. Best wishes in the future.

Sincerely,

MARY JO WHITE
United States Attorney




ന്യൂജേഴ്സിയിൽ ടാറ്റാ കൺസൽറ്റൻസിയിൽ ജോലികിട്ടിവന്ന ചെറുക്കൻ, ഒരു പെൺകുട്ടിയോട് മോശമായി ചാറ്റ് ചെയ്തെന്ന ആരോപണത്തെത്തുടർന്ന് അറസ്റ്റിലായപ്പോൾ, ബിഹാറിലുള്ള അവന്റെ മലയാളികളായ മാതാപിതാക്കൾ എന്നോട് സഹായം അഭ്യർത്ഥിച്ചതാണ് മറ്റൊരു സംഭവം. ജയിലിൽ പോയി അവനെ കണ്ട് ഒരു അറ്റോർണിയെ ഹയർ ചെയ്ത് ഞാൻ കേസ് നടത്തുകയും ജനത്തെ സംഘടിപ്പിക്കുകയും ചെയ്തു. കേസിന് വാലും തുമ്പും ഉണ്ടാക്കാൻ

കുറച്ച് കഷ്ടപ്പെട്ടു. പത്തുവർഷം ജയിൽശിക്ഷ കിട്ടേണ്ട കുറ്റമായിരുന്നു ചാർജ് ചെയ്തിരുന്നത്. ഒന്നരവർഷം കൊണ്ടുതന്നെ അവന് ജയിലിൽ നിന്നിറങ്ങാൻ സാധിച്ചു. ഇപ്പോൾ അവൻ ഇന്ത്യയിലാണ്. അവനും മാതാപിതാക്കളും ഇപ്പോഴും എന്നെ വിളിക്കാറുണ്ട്.

കേരള ക്രിസ്ത്യൻ അഡൽറ്റ് ഹോംസ് എന്ന പേരിൽ 2004 മുതൽ 2017 വരെ നടന്ന അഴിമതി പുറത്തുകൊണ്ടുവന്നതും അതിന് പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിനുമുൻപിൽ കൊണ്ടുവന്നതും ചാരിതാർത്ഥ്യം തോന്നിയ അനുഭവമാണ്. വൈദികരെ എതിർത്ത് അത്തരമൊരു പോരാട്ടത്തിന് മറ്റൊരാൾ ധൈര്യപ്പെടുമോ? അമേരിക്കയിലെ മീഡിയയ്ക്ക് പോലും അതുമായി ബന്ധപ്പെട്ട സത്യങ്ങൾ റിപ്പോർട്ട് ചെയ്യാൻ ഭയമാണ്. നിയമപ്രകാരം ജനറൽ ബോഡി വിളിച്ചുകൂട്ടി മൂന്നിൽ രണ്ട് ഭൂരിപക്ഷം നേടിക്കൊണ്ടാണ് മുഴുവൻ വൈദികരെയും രാജിവപ്പിച്ച് അതോറിറ്റി എനിക്ക് ലഭിച്ചത്. വാർദ്ധക്യകാലത്ത് നഴ്‌സിംഗ് ഹോം ഉൾപ്പെടെ അത്യാധുനിക  സൗകര്യങ്ങളോടെ കഴിയാൻ വേണ്ടി ആയുഷ്കാലത്തെ സമ്പാദ്യം ഇൻവെസ്റ്റ് ചെയ്ത 150 പേരാണ്  വഞ്ചിക്കപ്പെട്ടത്. മിനി കേരള ഉണ്ടാക്കുമെന്നായിരുന്നു കൈരളി ടിവിയിൽ കൊടുത്തിരുന്ന പരസ്യവാചകം. 432 ഏക്കർ സ്ഥലത്ത് റിട്ടയർമെന്റ് റൂം, എല്ലാവർക്കും സ്വിമ്മിങ് പൂൾ,കേരളത്തിന്റെ തനതു ഭക്ഷണം  എന്നിങ്ങനെ കണ്ണഞ്ചിപ്പിക്കുന്ന വാഗ്ദാനങ്ങൾ വേറെയും. പ്രായമായവരെ കബളിപ്പിച്ചാൽ അമേരിക്കയിൽ കടുത്ത ശിക്ഷയാണ്.

300 മില്യൺ ഡോളറിന്റെ ആ പ്രോജക്ട് ശരിയായ ദിശയിൽ കൊണ്ടുവരാനും ആർക്കും നഷ്ടം വരാതിരിക്കാനുമാണ് ഞാൻ പ്രയത്നിച്ചുകൊണ്ടിരിക്കുന്നത്. സിവിൽ കോടതിയിൽ പരാതി കൊടുത്ത് റിസീവറെ ഏർപ്പെടുത്തിയപ്പോൾ, അയാളും അഴിമതിക്കാർക്കൊപ്പം ചേർന്നു. സംഭവം നടന്നിരിക്കുന്നത് ടെക്സസിലാണ്, ഞാൻ താമസിക്കുന്നത് ന്യൂയോർക്കിലും. ഈ കേസിന് വേണ്ടി സ്വന്തം ചിലവിൽ അവിടേക്ക് ഞാൻ ചെല്ലുമെന്ന് ആരും കരുതിയിട്ടുണ്ടാവില്ല. കോടതിയിൽ ഞാൻ ഒപ്പിട്ട് സമർപ്പിച്ച ഒരു അഫിഡവിറ്റ്, വക്കീലന്മാരും റിസീവറും കൂടി ടാമ്പർ ചെയ്തു. കോടതിയിലെ രേഖയിൽ അങ്ങനെ കള്ളത്തരം ചെയ്താലുള്ള ഭവിഷ്യത്ത് അറിയാമല്ലോ?അന്വേഷണം നടത്താൻ ചുമതലപ്പെടുത്തിയ റിസീവർ സൂത്രത്തിൽ മറുചേരിയിൽ കടന്നതോടെ ടെക്സസ് അറ്റോർണി ജനറലിന് ഞാൻ പെറ്റീഷൻ നൽകി. ഫൊക്കാനയിലെ ന്യൂയോർക്ക് റീജിയന്റെ വൈസ് പ്രസിഡന്റ് സ്ഥാനം ഞാൻ രാജിവച്ചത് ഇത്തരം സംഘടനകൾ മലയാളികൾക്ക് ഇത്ര വലിയ പ്രശ്നം വന്നിട്ട് ശബ്ദിക്കാൻ ധൈര്യപ്പെടാത്തതിൽ പ്രതിഷേധിച്ചുകൊണ്ടാണ്.

**'ജസ്റ്റിസ് ഫോർ ഓൾ' എന്ന രജിസ്റ്റേർഡ് പ്രസ്ഥാനം ഡിസോൾവ് ചെയ്യാൻ ഉണ്ടായ സാഹചര്യം?**

വൈദിക മേലധ്യക്ഷന്മാരെ ചോദ്യം ചെയാൻ ആംപിയറുള്ള ഒരു മലയാളിയും അമേരിക്കയിലില്ല. അഡൾട് ഹോംസ് വിഷയത്തിൽ സഭയിലെ വികാരികൾക്കെതിരെ ഞാൻ നിലകൊണ്ടത് പലരുടെയും ശത്രുതയ്ക്ക് വഴിവച്ചു. 'ജസ്റ്റിസ് ഫോർ ഓൾ' എന്ന പ്രസ്ഥാനത്തിലേക്ക് ഞാൻ മുഖാന്തിരം എത്തപ്പെട്ട ചിലർ, എനിക്കെതിരെ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപെട്ടതോടെയാണ് ഞാൻ ആ പ്രസ്ഥാനം ഡിസോൾവ് ചെയ്തത്. ഞാൻ ആ പ്രസ്ഥാനത്തിന്റെ ഷെയർ ഹോൾഡർ അല്ലെന്നുപോലും അവർ കേസ് ഫയൽ ചെയ്തു. എനിക്ക് ഷെയർ ഉള്ളത് സത്യത്തിൽ എതിർകക്ഷികൾക്ക് അറിയില്ലായിരുന്നു. എന്റെ നേർക്കൊരു പാരയുമായി വന്നാൽ, അത് തിരിച്ചു പ്രയോഗിക്കാനുള്ള കഴിവ് എനിക്കുണ്ട്. അതറിയാവുന്നവർ, അതിന് മുതിരാറില്ല.

**വിവിധ സംഘടനകളിലായി പല പദവികളും വഹിച്ചിട്ടുണ്ടല്ലോ?**

ഇന്ത്യൻ കാത്തോലിക് അസോസിയേഷന്റെ ട്രഷററായും സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്.സിറോ മലബാർ കാത്തോലിക് കോൺഗ്രസ് കമ്മിറ്റി(എസ് എം സി സി) ഓഫ് നോർത്ത് അമേരിക്ക എന്ന ദേശീയ സംഘടനയുടെ ന്യൂയോർക്ക് മേഖലയിലെ ആദ്യ പ്രസിഡന്റായിരുന്ന ഞാൻ, സെന്റ് തോമസ് മലയാളം സ്കൂളിന്റെ സ്ഥാപകൻ കൂടിയാണ്. ബ്രോങ്ക്സിലെ സിറോ മലബാർ കാത്തോലിക് ചർച്ചിൽ ഇലക്ഷനിലൂടെ ട്രസ്റ്റിയായും തിരഞ്ഞെടുക്കപ്പെട്ടിരുന്നു. 2020 – 22 കാലയളവിൽ ഫൊക്കാന ഒരു സന്നിഗ്ദ്ധഘട്ടത്തിൽ, ന്യൂയോർക്ക് റീജിയന്റെ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചിരുന്നു. ജസ്റ്റിസ് ഫോർ ഓളിന്റെ ഫൗണ്ടിങ് ചെയർമാനായിരുന്നെന്നും അത് ഡിസോൾവ് ചെയ്യാനുള്ള സാഹചര്യവും പറഞ്ഞിരുന്നല്ലോ.

ബിൽ ക്ലിന്റന്റെ ഭരണകാലത്ത്,ന്യൂയോർക്കിൽ നിരവധി കേസുകൾ കെട്ടിക്കിടന്നിരുന്നു.

മേരി ജോ വൈറ്റ്  യുഎസ്  അറ്റോർണിയായിരിക്കെ 24 മാസക്കാലം ഗ്രാൻഡ് ജ്യൂറർ ആയി






പ്രവർത്തിക്കാൻ സാധിച്ചു. വേറൊരു മലയാളിക്കും അത്രയധികം കാലം ആ സ്ഥാനത്തിരിക്കാനോ പ്രമാദമായ നിരവധി കേസുകളെക്കുറിച്ച് അടുത്തറിയാനോ സാധിച്ചിട്ടുണ്ടാകില്ല.

അമേരിക്കൻ മുഖ്യധാരാ രാഷ്ട്രീയത്തിലും സജീവമായിരുന്നു. ആദ്യം ഡെമോക്രാറ്റായിരുന്നെങ്കിലും ട്രംപ് മുന്നോട്ട് വന്നതോടെ റിപ്പബ്ലിക്കാനായി. ഇപ്പോൾ, ബൈപ്പാർട്ടിസനാണ്. നല്ലതെന്ന് തോന്നുന്നതിന് കൂട്ടുനിൽക്കും.

**അമേരിക്കയിലെ പല സംഘടനകളിലും സജീവമായിരുന്ന താങ്കൾ അവയിൽനിന്നൊക്കെ വിട്ടുനിൽക്കാനും പദവികൾ രാജിവയ്ക്കാനും എന്താണ് കാരണം?**

പാണ്ഡവരെ ആയുധവിദ്യ അഭ്യസിപ്പിക്കുന്നതിനിടയിൽ മരത്തിലിരുന്ന പക്ഷിയെ ചൂണ്ടിക്കാണിച്ച് ദ്രോണാചാര്യർ തന്റെ ശിഷ്യന്മാരോട് ഒരു ചോദ്യം ചോദിച്ചിരുന്നു. 'നിങ്ങൾക്ക് എന്തൊക്കെ കാണാം' എന്നായിരുന്നു ചോദ്യം. മരവും ചില്ലകളും അതിലിരിക്കുന്ന പക്ഷിയെയും കാണാമെന്ന് മറുപടി പറഞ്ഞ ഓരോ ശിഷ്യന്മാരെയും അദ്ദേഹം മാറ്റി നിർത്തി. ഒടുവിൽ അർജ്ജുനന്റെ ഊഴമെത്തി. പക്ഷിയുടെ ശിരസ്സ് മാത്രമേ താൻ കാണുന്നുള്ളൂ എന്ന അദ്ദേഹത്തിന്റെ ഉത്തരത്തിൽ ഗുരു സംതൃപ്തനായി. ഏകാഗ്രമായി മനസ്സ് ഒരു കാര്യത്തിൽ മാത്രം കേന്ദ്രീകൃതമായാൽ, ലക്ഷ്യം തിരിച്ചറിയാനും അവിടേക്ക് എത്തിച്ചേരാനുമുള്ള സാധ്യത കൂടുതലാണെന്നാണ് ഈ സന്ദർഭത്തിന്റെ പൊരുൾ.

നിലവിൽ, എന്റെ ശ്രദ്ധ അഡൽറ്റ് ഹോം അഴിമതിയുടെ ചുരുൾ അഴിയണം എന്നുള്ളതാണ്. വലിയ എതിരാളികളെ നേരിടാൻ ഏകാഗ്രത അനിവാര്യമാണ്. പല സംഘടനകളിലും ശ്രദ്ധ ചിതറിക്കിടന്നാൽ, എന്റെ ഉദ്ദേശം പൂർത്തിയാക്കാൻ ഒരുപക്ഷേ സാധിക്കില്ല. അവയിൽനിന്നൊക്കെ വിട്ടുനിൽക്കുക എന്നുള്ളത് ഒരുപാട് ആലോചിച്ചെടുത്ത തീരുമാനമാണ്.

**5 വർഷത്തിലേറെയായി താങ്കൾ സ്വമേധയാ ഏറ്റെടുത്ത കേരള ക്രിസ്ത്യൻ അഡൽട് ഹോംസ് എന്ന പ്രസ്ഥാനത്തെപ്പറ്റിയുള്ള നിലപാട് വ്യക്തമാക്കാമോ?**

കേരളത്തിൽ കെ.പി.യോഹന്നാൻ ഉൾപ്പെട്ട തട്ടിപ്പുമായി താരതമ്യപ്പെടുത്തിയാൽ,അതിലും വലിയ തട്ടിപ്പിനാണ് പ്രായമായ 150 പേർ ഇരയായത്. വസ്തുവിലും അവകാശം ഉണ്ടായിരിക്കുമെന്ന് തെറ്റിദ്ധരിപ്പിച്ചാണ് അമേരിക്കൻ മലയാളികളായ 150 ക്രിസ്ത്യൻ കുടുംബനാഥന്മാരിൽ നിന്ന് 2004 ൽ 25,000 ഡോളർ വീതം കൈക്കലാക്കിയത്. ഇന്നത്തെ ഡോളർ വില അനുസരിച്ച് 2 ലക്ഷത്തിലധികം രൂപ. പ്രസ്ഥാനത്തിന് ചുക്കാൻ പിടിച്ച വൈദികരും ശിങ്കിടികളും ചേർന്ന് യഥാർത്ഥ അവകാശികൾ അറിയാതെ പ്രസ്ഥാനത്തിനുവേണ്ടി വാങ്ങിയ പണം അടിച്ചുമാറ്റി.

പ്രായമായ കേരള ക്രിസ്ത്യൻസിന്റെ സോഷ്യൽ സെക്യൂരിറ്റി, പേര് മുതലായവ ഉപയോഗിച്ചാണ് പ്രസ്ഥാനം തുടങ്ങിയത്. ഷെയർ ഇനത്തിൽ മൂന്നേമുക്കാൽ മില്യൺ വാങ്ങിയതിനുപുറമേ അതിന്റെ ഇരട്ടിയിലധികം തുക വികസനത്തിന് എന്ന വ്യാജേനയും കൈവശപ്പെടുത്തി. 2017 ആയപ്പോഴേക്കും, ഉടമസ്ഥരായ ഷെയർ ഹോൾഡർമാർ അറിയാതെ ഒരു ചർച്ചും, കുറെ ചാരിറ്റബിൾ ഓർഗനൈസേഷനുകളും ഉണ്ടാക്കി മൊത്തം തുകയും എഴുതിത്തള്ളിക്കളഞ്ഞു. അമേരിക്കൻ ഗവണ്മെന്റും നികുതിദായകരായ വൃദ്ധരുമാണ് കബളിക്കപ്പെട്ടത്.

ടാക്സ് പോലും കൊടുക്കാതെ അമേരിക്കൻ ഗവൺമെന്റിൽ നിന്നും ആനുകൂല്യങ്ങൾ വാങ്ങി,

പ്രായമായവരെ വഞ്ചിച്ചു എന്നതിന് വ്യക്തമായ തെളിവുകൾ എഫ്.ബിഎ.ഐയ്ക്കും ഗവണ്മെന്റ് അധികാരികൾക്കും കൊടുക്കാൻ എന്നോടൊപ്പം ഉറച്ചുനിന്ന ഏതാനുംപേർക്ക് കഴിഞ്ഞു. ഇന്നല്ലെങ്കിൽ നാളെ ആ വഞ്ചകന്മാർ പിടിക്കപ്പെടാതിരിക്കില്ല. അതെന്ന് നടക്കുമെന്ന് ക്രിസ്തുപറഞ്ഞതുപോലെ സ്വർഗ്ഗസ്ഥനായ പിതാവിന് മാത്രമേ അറിയൂ.



**എഴുതിയ ലേഖനങ്ങളിൽ ഏറ്റവും മികച്ചതായി തോന്നിയിട്ടുള്ളത്?**

'സ്ഥലകാലപരിമിതികൾക്ക് അതീതമായ യോഗ' എന്ന ലേഖനത്തിനും സ്വാമി ഭുവയുമായുള്ള സൗഹൃദത്തെക്കുറിച്ച് എഴുതിയതിനും വലിയ സ്വീകാര്യതയാണ് ലഭിച്ചത്. വായനക്കാരിൽ നിന്ന് നല്ല അഭിപ്രായങ്ങൾ കേൾക്കുമ്പോഴും നമ്മുടെ രചനകൾ കൊണ്ട് ആരുടെയെങ്കിലും ജീവിതത്തിൽ ചെറിയ മാറ്റങ്ങളെങ്കിലും സംഭവിക്കുമ്പോഴുമാണ് എഴുത്തുകാരനെന്ന നിലയിൽ സംതൃപ്തി തോന്നുന്നത്.

**ലോകം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ശ്രേഷ്ഠനായ ഹഠയോഗി സ്വാമി ഭുവയെക്കുറിച്ചും അദ്ദേഹത്തോടൊപ്പം നടത്തിയ യാത്രയെക്കുറിച്ചും ചുരുങ്ങിയ വാക്കുകളിൽ പറയാമോ?**

2009 ൽ കോൺഗ്രസ് മന്ത്രിയായിരുന്ന ഓസ്കാർ ഫെർണാണ്ടസിന് ഐക്യരാഷ്ട്രസഭയിൽ സ്വീകരണം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് യുഎൻ കുഞ്ഞുമോൻ എന്നുവിളിക്കുന്ന ജോർജ് എബ്രഹാമിന്റെ വിളി ഒരു നിമിത്തമായിരുന്നു. സ്വാമി ഭുവ എന്നയാളെ പിക്ക് ചെയ്യുക എന്നതായിരുന്നു ആവശ്യം. തേടിയവള്ളി കാലിൽ ചുറ്റിയ അവസ്ഥയായിരുന്നു എനിക്ക്. അദ്ദേഹത്തെക്കുറിച്ച് കേട്ടതിൽ നിന്ന് കാണണമെന്ന തീവ്രമായ ആഗ്രഹം മനസ്സിലുണ്ടായിരുന്നു.പിക്ക് ചെയ്തതുകൂടാതെ അദ്ദേഹത്തെ തിരികെ വീട്ടിൽ എത്തിക്കുകയും ചെയ്തു. എന്റെ യോഗാശ്രമം ഒരിക്കൽ സന്ദർശിക്കാമോ എന്നും അഭ്യർത്ഥിച്ചു.

ആ സന്ദർശനത്തിനിടെ അദ്ദേഹത്തെ അഭിമുഖം ചെയ്തപ്പോഴാണ് സ്വാമിയെക്കുറിച്ച് കൂടുതൽ അറിയാൻ സാധിച്ചത്. കോവിഡിനെക്കാൾ മാരകമായിരുന്ന നിരവധി മഹാമാരികളെ അതിജീവിച്ച് 122 വയസ്സുവരെ ജീവിച്ച് യോഗാവിധിപ്രകാരം സമാധിടഞ്ഞ സ്വാമി ഭുവയുമായി സൗഹൃദം സ്ഥാപിക്കാൻ സാധിച്ചത് ഒരു നിയോഗമായി കാണുന്നു. സുഭാഷ് ചന്ദ്ര ബോസും രവീന്ദ്രനാഥ് ടാഗോറും അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തുക്കളായിരുന്നു. ജർമനിയിൽ വച്ച് സാക്ഷാൽ ഹിറ്റ്ലർ സ്വാമിയെ സ്വീകരിക്കുകയും ആദരിക്കുകയും ചെയ്തിട്ടുണ്ട്. യുഎൻ ജനറൽ സെക്രട്ടറി ആയിരുന്ന കോഫി അന്നൻ, സ്വാമിയുടെ ആരാധകനായിരുന്നു.

2009 ഡിസംബർ മാസത്തിൽ അദ്ദേഹമെന്നോട് ഒരു ആഗ്രഹം പങ്കുവച്ചു.ചെറുമകൾ മധുവന്തിയെ കാണാൻ കാനഡയിൽ പോകണമെന്നുള്ളതായിരുന്നു സ്വാമിയുടെ ആഗ്രഹം. ന്യുയോർക്കിലും കാനഡയിലും ആ സമയം പെയ്യുന്ന മഞ്ഞിനെക്കുറിച്ചൊന്നും ചിന്തിക്കാതെയാണ് 'കൊണ്ടുപോകാമെന്ന്' ഞാൻ വാക്ക് കൊടുത്തത്. അന്നദ്ദേഹത്തിന് 121 വയസ്സുണ്ട്. രണ്ടു ഡോറുകൾ മാത്രമുള്ള ഹോണ്ട സിവിക് കാറിൽ അദ്ദേഹത്തിന്റെ ഇളയമകൾ പ്രേമലതയെയും അവരുടെ ഭർത്താവ് രാജാറാമിനെയും കൂടിയായിരുന്നു എന്റെ യാത്ര. യാത്ര ദുർഘടമായിരുന്നെങ്കിലും ആ മഹാനുമായി കുറച്ച് ദിവസങ്ങൾ ചിലവിടാനായത് വിലമതിക്കാനാകാത്ത അനുഭവമായിരുന്നു.  വൈകല്യത്തോടെ ജനിച്ചുവീണ കുട്ടി ജീവിച്ചിരിക്കില്ലെന്ന വിശ്വാസത്തിൽ ചിതയുണ്ടാക്കി അതിനെ ദഹിപ്പിക്കാൻ ഒരുങ്ങവെ  ഒരു സന്യാസി ആ കുട്ടിയെ രക്ഷിച്ച് ആശ്രമത്തിൽ കൊണ്ടുപോവുകയും ഹിമാലയത്തിലെ മരുന്നുകളുപയോഗിച്ച് ചികിത്സിക്കുകയും യോഗ അഭ്യസിപ്പിക്കുകയും ചെയ്തതിലൂടെ പതിനേഴാം വയസ്സിൽ ആരോഗ്യം വീണ്ടുകിട്ടിയ സ്വാമി ഭുവയുടെ ജീവിതം, മകൾ പ്രേമലതയാണ് എന്റെ മുൻപിൽ അനാവരണം ചെയ്തത്. മധുവന്തി







ഞങ്ങളെ ഹൃദ്യമായി തന്നെ സ്വീകരിച്ചു. അത്രദൂരം ഒരു യാത്ര ഇനി ജീവിതത്തിൽ ഉണ്ടാകില്ലെന്ന് സ്വാമിക്ക് മുൻകൂട്ടി അറിയാമായിരുന്നിരിക്കണം. മരണം വരെയും ആ യാത്രയുടെ സന്തോഷം അദ്ദേഹം കുടുംബത്തോട് പറയുമായിരുന്നെന്ന് പിന്നീടറിഞ്ഞു. അവസാനകാലത്ത് സ്വാമിയുടെ മനസ്സിൽ ഒരു ഇടം നേടാൻ സാധിച്ചത് പുണ്യമായി കരുതുന്നു.

**അംഗീകരിക്കപ്പെട്ട പ്രവർത്തനങ്ങൾ ?**

സാമൂഹിക പ്രവർത്തകനെന്ന നിലയിലുള്ള എന്റെ സംഭാവനകൾക്ക് അമേരിക്കൻ മുസ്ലിം കൗൺസിലിന്റെ പുരസ്കാരം ലഭിച്ചിട്ടുണ്ട്. 2013ൽ മാർട്ടിൻ ലൂഥർ കിങ് ജൂനിയറിന്റെ 50-ാം ചരമവാർഷികം അദ്ദേഹത്തിന്റെ അനുയായികൾ അനുസ്മരിക്കുമ്പോൾ ന്യൂയോർക്കിൽ നിന്ന് വാഷിംഗ്ടൺ ഡിസിയിലേക്ക് 50 മലയാളികളെ ഏകോപിപ്പിക്കുക എന്ന ഉത്തരവാദിത്തം എന്നെയാണ് ഏൽപ്പിച്ചത്. കറുത്ത വർഗക്കാരനായ അമേരിക്കൻ നേതാവ് അൽ ഷാർപ്ടണായിരുന്നു അന്നത്തെ നേതാവ്.മലയാളിയായ അലക്സ് കോശി വിളനിലത്തിന്റെ നേതൃത്വത്തിൽ ന്യൂജേഴ്സി സ്റ്റേറ്റിൽ നിന്ന് 5 ഇന്ത്യക്കാരും പങ്കെടുത്തിരുന്നു. ഇന്ത്യൻ-അമേരിക്കക്കാർ ഇന്ത്യൻ ദേശീയ പതാകയും വഹിച്ചുകൊണ്ട് വാഷിംഗ്ടൺ ഡി സി തെരുവുകളിലൂടെ നടന്നത്, യു എസ് ചരിത്രത്തിലെതന്നെ ആദ്യ സംഭവമായിരുന്നു. അന്നത്തെ പ്രസിഡന്റ് ബരാക്ക് ഒബാമ ആയിരുന്നതുകൊണ്ടുതന്നെ ഞങ്ങൾക്ക് പ്രത്യേക പരിഗണന ലഭിച്ചിരുന്നു.

2009ൽ ഇന്റർനാഷണൽ കൾച്ചറൽ എജ്യുക്കേഷണൽ സെന്ററിൽ നിന്ന് നേതൃത്വമികവിനുള്ള അവാർഡ് ലഭിച്ചിരുന്നു.

ഇന്റർനാഷണൽ യോഗ അലയൻസിൽ ഗ്രാൻഡ് ഫാദർ പദവിയുള്ള വ്യക്തിയാണ് ഞാൻ. രണ്ടായിരം ആണ്ടിനുമുൻപ് യോഗയിൽ വൈദഗ്ധ്യം നേടിയവർക്ക് നൽകുന്ന അംഗീകാരമാണത്. (രജിസ്റ്റർഡ് യോഗ ട്രെയിനിങ്ങിൽ (ആർവൈറ്റി) സാധാരണക്കാർ 200 ലെവലിലാണ്, എന്റെ ലെവൽ 500 ആണ്. ഒരു തെറാപ്പിസ്റ്റിന് തത്തുല്യമായ യോഗ്യതയാണത്.

2019 ൽ മികച്ച സാമൂഹിക പ്രവർത്തകനുള്ള ഇ-മലയാളി അവാർഡ് നേടാൻ സാധിച്ചു.

യോങ്കേഴ്സ് സിറ്റിയിലെ പബ്ലിക് സ്കൂളുകളിൽ കുട്ടികളെ യോഗ പരിശീലിപ്പിക്കാൻ ക്ഷണിക്കാറുണ്ട്.

കഴിഞ്ഞ 15 വർഷകാലമായി ഇന്ത്യൻ അമേരിക്കൻ യോഗ ഇൻസ്റ്റിറ്റ്യൂട്ടും സ്വന്തമായി നടത്തി വരുന്നു.

**ഭാവിയെക്കുറിച്ചുള്ള ചിന്ത?**

ലോകമേ തറവാട് എന്ന ആശയത്തിൽ ഉറച്ചുനിന്നുകൊണ്ട് പക്ഷികളെപ്പോലെ അതിർവരമ്പുകളില്ലാതെ ലോകത്തെവിടേക്കും പറന്നുയരാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. മതങ്ങളുടെയും ഭാഷകളുടെയും പേരിലുള്ള വേലിക്കെട്ടുകൾ വിദ്യാഭ്യാസത്തിലൂടെ മാറ്റിയെടുത്ത്, എല്ലാവരും സമാധാനത്തോടെയും സാഹോദര്യത്തോടെയും കഴിയുന്ന കാലം വരണം. മനുഷ്യന്റെ ഇടുങ്ങിയചിന്താഗതികൾക്ക് കാരണം സ്വാർത്ഥതയും അറിവില്ലായ്മയുമാണ്. സാമൂഹിക പരിഷ്കരണം നാടിന്റെ സുരക്ഷിതത്വത്തിന് ആവശ്യമാണ്. സത്യത്തിനും ധർമ്മത്തിനും മുൻതൂക്കം കൊടുത്തുകൊണ്ട്, സാധിക്കുമെങ്കിൽ അനീതിക്കെതിരെ ശബ്ദമുയർത്താനും പോരാടാനും ശ്രമിക്കുക.

ബൈബിൾ, ഗീത, ഖുർആൻ എന്നിങ്ങനെയുള്ള മതഗ്രന്ഥങ്ങളുടെ സാരാംശം മനസ്സിലാക്കി, അറിവിലൂടെ ലോകത്തിൽ മാറ്റം വരണമെന്നാണ് ആഗ്രഹം.